ചന്ദ്രിക

# വെണ്ണല സ്കൂളിൽ ദന്ത സംരക്ഷണ സെഷൻ

കൊച്ചി: കുട്ടികളുടെ ദന്ത സംരക്ഷണം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ ആനന്ദ് മുസ്കാൻ പദ്ധതിയുടെ ഭാഗമായി അമൃത സ്കൂൾ ഓഫ് ഡെന്റസ്ട്രി വിഭാഗം വെണ്ണല ഗവ. എൽ.പി സ്കൂളിൽ ബ്രഷിങ് സെഷൻ സംഘടിപ്പിച്ചു. ആഴ്ച്ചയിൽ അഞ്ച് ദിവസം അധ്യാപക മേൽനോട്ടത്തിലുള്ള ബ്രഷിങ് സെഷനുകൾ നടത്തുകയാണ് പദ്ധതിയുടെ ലക്ഷ്യം. ദേശീയ ആരോഗ്യ മിഷൻ എറണാകുളം ജില്ലാ പ്രോഗ്രാം മാനേജർ ഡോ.ശിവപ്രസാദ് പി.എസ് ഉദ്ഘാടനം ചെയ്തു. സ്കൂൾ പ്രധാനധ്യാപകൻ രാജേഷ്, ആനന്ദ് മുസ്കാൻ പ്രോജക്ട് റിസർച്ച് സയന്റിസ്റ്റ് ഡോ.അരുൺ റാവു കെ, കോർപറേഷൻ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ വി.എ ശ്രീജിത്ത്, തൗൺസിലർ കെ.ബി ഹർഷൽ, സ്കൂൾ പിടിഎ പ്രസിഡന്റ് അബ്ദുൽ റഹീം എ തുടങ്ങിയവർ പ്രസംഗിച്ചു. വിദ്യാർഥികൾക്കുള്ള സൗജന്യ ബ്രഷിങ് കിറ്റുകളുടെ വിതരണോദ്ഘാടനവും ചടങ്ങിൽ നടന്നു.